"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന്റെ റികൺസിലിയേഷൻ- വൈദഗ്ധ്യമുള്ള സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്

സ.ഉ. (കൈ) നം.87/2023/ധന. തീയതി, തിരുവനന്തപുരം, 07.06.2023

പരാമർശം-
1. സ.ഉ. (പി) നം.363/2013/ധന. തീയതി 27.07.2013.
2. സ.ഉ. (എംഎസ്) നം.324/2016/ധന. തീയതി 15.08.2016.
3. സ.ഉ. (എംഎസ്) നം.232/2018/ധന. തീയതി 26.06.2018.
4. ധനകാര്യ ജോയിന്റ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 01.12.2021-ന് ചേർന്ന യോഗ തീരുമാനം.
5. സ.ഉ. (എംഎസ്) നം.133/2022/ധന. തീയതി 26.06.2022.
6. പഞ്ചായത്ത് ഡയറക്ടറുടെ 05.11.2022-ലെ PAN/12345/2019/DBT2 (DP) നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (4) യോഗ തീരുമാന പ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഡയറക്ടർ (റൂറൽ) മുഖേനയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന്റെ 2021 മാർച്ച് 31 വരെയുള്ള റികൺസിലിയേഷൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഡി ബി റ്റി സെൽ പൂർത്തിയാക്കേണ്ടതാണെന്നും 2021 ഏപ്രിൽ മുതലുള്ള റികൺസിലിയേഷൻ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ റികൺസിലിയേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി, ഓരോ പെൻഷൻ വിതരണത്തിനു ശേഷവും വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ അടവാക്കുന്നത് സംബന്ധിച്ച പരാമർശം (5) ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഭൂരിഭാഗം സൊസൈറ്റികളും ആവശ്യമായ ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഡി ബി

റ്റി പോർട്ടൽ മുഖേനയുള്ള റികൺസിലിയേഷൻ സാധ്യമാകുന്നില്ലായെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ 2015 മുതലുള്ള പെൻഷൻ വിതരണത്തിന്റെ റികൺസിലിയേഷൻ പ്രവർത്തനം ആരംഭിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ഒരു വർഷം ഏകദേശം പതിനായിരം കോടി രൂപയുടെ ബാങ്കിംഗ് ഇടപാടുകൾ നടക്കുന്ന അക്കൗണ്ടുകൾ റികൺസിലിയേഷൻ നടത്തേണ്ട അക്കൗണ്ടിംഗ് രീതിയേയും നടപടിക്രമങ്ങളേയും സംബന്ധിച്ച ഒരു മാർഗ്ഗ രേഖ തയ്യാറാക്കി നൽകാതെ റികൺസിലിയേഷൻ പ്രവർത്തനം നടത്തുന്നത് പ്രായോഗികമല്ലായെന്നും 2021-2022 വർഷം പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകിയ തുകയുടെ പരിശോധനയിൽ എല്ലാ സഹകരണ സംഘങ്ങളും മുഴുവൻ തുകയും കൃത്യമായി തിരിച്ചടച്ചിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ 2015 മുതൽ നാളിതുവരെയുള്ള റികൺസിലിയേഷൻ നടത്തുന്നതിനും തുടർന്നുള്ള പെൻഷൻ വിതരണത്തിന്റെ അക്കൗണ്ടും റികൺസിലിയേഷനും എങ്ങനെയാണ് ചെയ്യേണ്ടതെന്ന മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുമായി ഈ രംഗത്ത് വൈദഗ്ധ്യവും പ്രവർത്തന പരിചയവുമുള്ള സ്വകാര്യ സ്ഥാപനത്തെ നിയമാനുസരണം തെരഞ്ഞെടുത്ത് ചുമതലപ്പെടുത്താവുന്നതാണെന്നും ഇതിന് ആവശ്യമായി വരുന്ന തുക NSAP Administrative Cost ഇനത്തിൽ ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2015 മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ സർക്കാർ നൽകിയിട്ടുള്ള തുകയുടെ റികൺസിലിയേഷൻ നടത്തി വിതരണം ചെയ്യാതെയുള്ള മുഴുവൻ തുകയും തിരികെ ഈടാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന NSAP- വിഹിതത്തിൽ ഭരണപരമായ ചെലവിനായി നൽകുന്ന 3% തുകയുടെ ഒരു ഭാഗമുപയോഗിച്ച്, 2014-2015 മുതൽ 2022-23 വരെയുള്ള റികൺസിലിയേഷൻ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും, തുടർന്നുള്ള പെൻഷൻ വിതരണത്തിന്റെ അക്കൗണ്ടിംഗും റികൺസിലിയേഷനും നടത്തുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുമായി, ഈ രംഗത്ത് വൈദഗ്ധ്യവും പ്രവർത്തന പരിചയവുമുള്ള സ്ഥാപനത്തെ നിയമാനുസൃതം തെരഞ്ഞെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഡയറക്ടർക്ക് (റൂറൽ) അനുമതി നൽകുന്നു. ഇതു സംബന്ധിച്ച് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

(i) ഏജൻസിയെ തിരഞ്ഞെടുക്കുന്ന നടപടികൾ സുതാര്യവും നിയമാനുസൃതവുമായ രീതിയിലാകണം

(ii) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തിയതിന്റെ അനുരഞ്ജനത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഒരു ഡാറ്റയും പ്രസ്തുത ഏജൻസി ഉപയോഗിക്കാൻ പാടില്ല

(iii) ആധാർ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള ഡാറ്റയുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ടതാണ്.

(iv) 2022-23 വരെയുള്ള അനുരഞ്ജനവും ഭാവിയിൽ അനുരഞ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കലും ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ചുമതല ഏൽപ്പിക്കുന്ന തീയതി മുതൽ പരമാവധി ആറ് മാസത്തിനുള്ളിൽ പ്രസ്തുത ഏജൻസി പൂർത്തിയാക്കേണ്ടതാണ്.

3. ചുമതലപ്പെടുത്തുന്ന സ്ഥാപനം തയ്യാറാക്കി നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ അംഗീകാരം വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ 2023-2024 മുതൽ ബാങ്ക് മുഖേനയുള്ള പെൻഷൻ വിതരണത്തിന്റെ അനുരഞ്ജന പ്രക്രിയ നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഡി.ബി.റ്റി സെല്ലിനെയും, പ്രാഥമിക കർഷക സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖേനയുള്ള പെൻഷൻ വിതരണത്തിന്റെ അനുരഞ്ജന പ്രക്രിയ നടത്തുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്-II) കേരള, തിരുവനന്തപുരം
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
4. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
5. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
6. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
7. മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്.
8. തദ്ദേശ സ്വയംഭരണ (ഡി സി), (എഫ് എം.) വകുപ്പ്

9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ,
11. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് മുഖേന
12. എല്ലാ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (ഡയറക്ടർ തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് മുഖേന)
13. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം.
14. വിവര പൊതുജന സമ്പർക്ക വകുപ്പ്
15. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
16. കരുതൽ ഫയൽ (നം.776093 /എസ്.എഫ്.സി.ബി2/2018/ധന.)

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ